## 1179

കൃപയാലത്രേ ആത്മരക്ഷ അതു വിശ്വാസത്താൽ നേടുക
വില കൊടുത്തു വാങ്ങുവാൻ സാദ്ധ്യമല്ല അതു ദാനം ദാനം ദാനം(3)

1 മലകൾ കയറിയാൽ കിട്ടുകയില്ല ക്രിയകൾ നടത്തിയാൽ നേടുകയില്ല
നമ്പുകൾ നോമ്പുകൾ നേർച്ചകൾ കാഴ്ചകൾ
ഇവയാലൊന്നും രക്ഷ സാദ്ധ്യമല്ല-

2 ഈ ലോകജീവിതത്തിൽ നേടുക നിന്റെ മരണശേഷം
അവസരങ്ങളില്ല സോദരാ നരകശിക്ഷയിൽ നിന്നു വിടുതൽ നേടുവാൻ
ഇന്നു വരിക രക്ഷകന്റെ സന്നിധേ-

3 രക്ഷകന്റെ സന്നിധേ ചെല്ലുക നിന്റെ പാപമെല്ലാം
തന്റെ മുമ്പിൽ ചൊല്ലുക തന്റെ യാഗം മൂലമിന്ന്
നിന്റെ പാപമെല്ലാം പോക്ക് നിന്നെ ദൈവപൈതലാക്കി മാറ്റുമേ-